# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5358** — 23.05.2017 ലെ മറുപടിക്ക്

### മാനദണ്ഡങ്ങൾ പാലിക്കാതെ വൻകെട്ടിടങ്ങൾക്ക് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) മാനദണ്ഡങ്ങൾ പാലിക്കാതെ വൻകെട്ടിടങ്ങൾക്ക് നഗരസഭകൾ അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; | (എ) മാനദണ്ഡങ്ങൾ പാലിക്കാതെ വൻകെട്ടിടങ്ങൾക്ക് നഗരസഭകൾ അനുമതി നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) മുഖാന്തിരം പരിശോധിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കാറുണ്ട്. |
| (ബി) സുരക്ഷാക്രമീകരണങ്ങൾ പാലിക്കാതെ ഇതരസംസ്ഥാന തൊഴിലാളികളെ ഉപയോഗിച്ച് കെട്ടിടനിർമ്മാണം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുരക്ഷാമാനദണ്ഡങ്ങൾ പുലർത്താതെ കെട്ടിട നിർമ്മാണം നടത്തുന്ന കെട്ടിടമുടമകൾക്കെതിരെ ലേബർ കമ്മീഷണർ നിയമ നടപടി സ്വീകരിക്കുകയും ബന്ധപ്പെട്ട തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പ് വരുത്തുകയും ചെയ്യാറുണ്ട്. |
| (സി) നഗരസഭകളിലെ എഞ്ചിനിയറിംഗ് വിഭാഗം മതിയായ പരിശോധനകൾ നടത്താതെ പെർമിറ്റ് നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുമോ;<br>(ഡി) മതിയായ പരിശോധനകൾക്ക് ശേഷം മാത്രമേ അനുമതി നൽകാവൂ എന്ന് നഗരസഭകളിലെ എഞ്ചിനിയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (സി) & (ഡി) കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് മാത്രമേ അനുമതി നൽകാവൂ എന്ന് നിർദ്ദേശം നിലവിലുണ്ട്. ഇതിനു വിരുദ്ധമായി പരിശോധന കൂടാതെ പെർമിറ്റ് നൽകിയതായി പരാതി ശ്രദ്ധയിൽപ്പെടുമ്പോഴെല്ലാം ആയത് സർക്കാർ പരിശോധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ